**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5899** **16-03-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയിൽ എസ്.സി., എസ്.ടി കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണോ വീട് നൽകുന്നത്; എങ്കിൽ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒരേ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇവർക്ക് വീട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | എങ്കിൽ അർഹതപ്പെട്ട എസ്.സി., എസ്.ടി. വിഭാഗത്തിലെ എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് നാളിതുവരെ വീടുകൾ നിർമ്മിച്ച് നൽകിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക വകുപ്പ് കൈമാറിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ? | (ഡി) | 10.03.2023 വരെ എസ്.സി. വിഭാഗത്തിൽ 83,396 വീടുകളും എസ്.ടി വിഭാഗത്തിൽ 36,796 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി എസ്.സി വകുപ്പ് 884.30 കോടി രൂപയും എസ്.ടി വകുപ്പ് 484.46 കോടി രൂപയും ലൈഫ് മിഷന് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ചിലവഴിച്ചിട്ടുള്ള ആകെ തുകയുടെ വിവരവും ജില്ലാടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ